മുട്ടിൽ മരം മുറി ആരോപണം നേരിടുന്ന വനം കൺസർവേറ്റർക്കെതിരെ നടപടി

132 (878) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരം മുറി അഴിമതിയുമായി ബന്ധപ്പെട്ട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ് അട്ടിമറിക്കാൻ ശ്രമിച്ചെന്ന ആരോപണം നേരിടുന്ന വനം കൺസർവേറ്റർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസിലെ പ്രധാന പ്രതികൾ നൽകിയ രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് ആരോപണവിധേയൻ നടപടി സ്വീകരിച്ചതെന്നും പ്രതികളും ഒരു മാധ്യമ പ്രവർത്തകനും ചേർന്ന് നടത്തിയ ഗൂഢാലോചനയുടെ ഫലമാണ് മണിക്കുന്നുമല മരംമുറി സംബന്ധിച്ച വ്യാജ റിപ്പോർട്ടെന്നും സൂചിപ്പിക്കുന്നതായി പറയപ്പെടുന്ന പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) വയനാട് മുട്ടിൽ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നടന്ന മരംമുറിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ആഭ്യന്തരം, വനം, വിജിലൻസ് വകുപ്പുകൾ ചേർന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തിലാണ്. ഇക്കാര്യം സംബന്ധിച്ച് ലഭിച്ച എല്ലാ അന്വേഷണ റിപ്പോർട്ടുകളും 1-7-2021-ലെ സ.ഉ. (സാധാ) നമ്പർ 1852/2021/ ആഭ്യന്തരം പ്രകാരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന് കൈമാറാൻ ഉത്തരവായിട്ടുണ്ട്. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്തിമ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly